# Prime Minister's meeting with President of European Council and President of European Commission

October 29, 2021

---

## യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് എന്നിവരുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

ഒക്ടോബർ 29, 2021

റോമിൽ നടന്ന 16 മത് ജി20 ഉച്ചകോടിയുടെ ഭാഗമായി യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് ചാൾസ് മൈക്കൽ; യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് മിസ് ഉർസുല വോൺ ഡെർ ലെയ്ൻ എന്നിവരുമായി പ്രധാന മന്ത്രി ശ്രീ നരേന്ദ്ര മോഡി സംയുക്ത യോഗത്തിൽ പങ്കെടുത്തു.

2021 മെയ് മാസത്തിലെ ഇ യു+27 രീതിയിൽ നടന്ന ഇന്ത്യ -ഇ യു ലീഡെഴ്സ് മീറ്റിംഗ്, 2020 ജൂലൈയിൽ നടന്ന 15മത് ഇന്ത്യ ഇ യു ഉച്ചകോടി എന്നിവയുടെ ഉൽപ്പാദനക്ഷമമായ വെർച്ചൽ ഇടപഴകലുകൾ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയും ഇ യു പ്രസിഡന്റുമാരും അനുസ്മരിച്ചു. യോഗത്തിൽ, ഇന്ത്യയുടെയും ഇ യു വിന്റെയും രാഷ്ട്രീയ, സുരക്ഷാ ബന്ധങ്ങൾ, വ്യാപാരം, നിക്ഷേപം, സാമ്പത്തിക സഹകരണം എന്നിവ ഉൾക്കൊള്ളുന്ന ഇന്ത്യ-യൂറോപ്യൻ യൂണിയൻ സഹകരണം കൂടാതെ കഴിഞ്ഞ ഇന്ത്യ-യൂറോപ്യൻ യൂണിയൻ ഉച്ചകോടിയിൽ ധാരണയായ റോഡ്മാപ്പ് 2025 എന്നിവ നേതാക്കൾ അവലോകനം ചെയ്തു., കാലാവസ്ഥാ വ്യതിയാനം, കോവിഡ് -19 പാൻഡെമിക്, സമകാലിക ആഗോള, പ്രാദേശിക സംഭവവികാസങ്ങൾ എന്നിവയും അവർ ചർച്ച ചെയ്തു.

വാക്സിനേഷനിൽ മികച്ച പുരോഗതി കൈവരിച്ചതിന് യൂറോപ്യൻ യൂണിയൻ നേതാക്കളും ഇന്ത്യയെ അഭിനന്ദിച്ചു.

**റോം**

**ഒക്ടോബർ 29, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.